(സി) വാടക ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പഴയ നിരക്കിൽ വാടക പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 20.6.1998ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ മീറ്ററുകൾ ഉപഭോക്താക്കൾ തന്നെ വാങ്ങി നൽകേണ്ടതാണ്. ഇപ്രകാരം ഉപഭോക്താവ് വാങ്ങി ഘടിപ്പിക്കുന്ന വാട്ടർ മീറ്ററിന് വാടക ഈടാക്കുന്നില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റിയിൽ സ്റ്റോക്ക് ഉള്ള മീറ്ററുകൾ ഗാർഹിത കണക്ഷനുകൾക്ക് ഉപയോഗിക്കാറുണ്ട്. ഇപ്രകാരം വാട്ടർ അതോറിറ്റിയുടെ മീറ്ററുകൾ ഘടിപ്പിക്കുന്ന കണക്ഷനുള്ള ഉപഭോക്താക്കളിൽനിന്നും പ്രതിമാസം 10 രൂപ പ്രകാരം വാടക ഈടാക്കുന്നുണ്ട്.

(ബി) 4.12.1991-ൽ സർക്കാർ ഉത്തരവ് പ്രകാരം ആദ്യം നിശ്ചയിച്ചിരുന്ന വാടക പ്രതിമാസം 5 രൂപ പ്രകാരമായിരുന്നു.

(സി) 20.6.1998 ലെ സർക്കാർ ഉത്തരവ് പ്രകാരം വാടക നിരക്ക് പ്രതിമാസം 10 രൂപ ആക്കിയതിൽ പിന്നെ വാടക വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) പഴയ നിരക്കിൽ വാടക പുനഃസ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഓഫീസുകൾ

13 (*632)ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സബ്ഡിവിഷൻ ഓഫീസുകളും അതിന്റെ കീഴിലുള്ള സെക്ഷൻ ഓഫീസുകളും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സബ്ഡിവിഷൻ, സെക്ഷൻ, ഓഫീസുകൾ വീതം കൈമാറുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൈമാറുന്ന ഓഫീസുകളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി)&(സി) ഉദിക്കുന്നില്ല.

വൈദ്യുതി ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ്

14 (* 633)ശ്രീ. കെ.സി. വേണുഗോപാൽ :

LIBRARY ARCHIVES Kerala Legislative Assembly